# സ്കൂൾ തല അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

# ആമുഖം.

ലജ്നത്തുൽ മുഹമ്മദിയ എൽ. പി സ്കൂൾ. ആലപ്പുഴ " സ്കൂളിലെ അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26' സമഗ്രമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന സ്കൂളിന്റെ അടിസ്ഥാന വിവരങ്ങൾ, ചരിത്രം, ഭൗതിക പരമായ നേട്ടങ്ങൾ, ലക്ഷ്യങ്ങൾ, വിവിധ അക്കാദമിക, പാഠ്യേതര മേഖലകളിലെ പ്രവർത്തനങ്ങൾ തുടങ്ങിയവ ഈ രേഖയിൽ പ്രതിപാദിക്കുന്നു.

പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും, കുട്ടികളുടെ സാമൂഹികവും മാനസികവുമായ വളർച്ചയെ പരിപോഷിപ്പിക്കുന്നതിനും എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും അത്യന്തികമായ പൊതുവിദ്യാലയങ്ങളുടെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും വേണ്ടിയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

# സ്കൂൾ വിവരങ്ങളും പശ്ചാത്തലവും

ആലപ്പുഴ ജില്ലയിലെ ആലപ്പുഴ വിദ്യാഭ്യാസ ജില്ലയിൽ ആലപ്പുഴ ഉപജില്ലയിലെ ആലപ്പുഴ പട്ടണത്തിന്റെ ഹൃദയഭാഗത്തു സിവിൽ സ്റ്റേഷൻ വാർഡിൽ സക്കറിയ ബസാറിന്റെ വടക്കു ഭാഗത്തുള്ള എയ്ഡഡ് വിദ്യാലയമാണ് ലജ്നത്തുൽ മുഹമ്മദിയ എൽ.പി എസ്. ആലപ്പുഴ.

കടലും കായലും അതിരിടുന്ന ആലപ്പുഴ പട്ടണത്തിന്റെ ഹൃദയഭാഗത്തു സിവിൽ സ്റ്റേഷൻ വാർഡിൽ കളക്ടറേറ്റിൽ നിന്നും 200 മീറ്റർ അകലെ സക്കറിയ ബസാറിന്റെ വടക്കു ഭാഗത്തായി വിദ്യാലയം സ്ഥിതി ചെയ്യുന്നു.

1940 കാലഘട്ടത്തിൽ ആലപ്പുഴയുടെ പടിഞ്ഞാറൻ പ്രദേശങ്ങളായ ബീച്ച്, ലജ്നത്ത്, സക്കറിയ, സിവ്യൂ എന്നീ വാർഡുകൾ വിദ്യാഭ്യാസപരമായി വളരെ പിന്നോക്കാവസ്ഥയിൽ ആയിരുന്നു. മുസ്ലീം ന്യൂനപക്ഷ വിഭാഗത്തിൽ പെട്ടവരായിരുന്നു ഇവിടെ കൂടുതലായി താമസിച്ചിരുന്നത്. അക്കാലത്തെ ആലപ്പുഴയിലെ കയർ ഫാക്ടറികളും തുറമുഖത്തിലുമൊക്കെ പണിയെടുത്തിരുന്ന തികച്ചും സാധാരണക്കാരായ തൊഴിലാളികളായിരുന്നു ഭൂരിഭാഗവും. ഇതിനിടയിൽ ഗുജറാത്തിലെ കച്ചിൽ നിന്നും വാണിജ്യാവശ്യാർത്ഥം ആലപ്പുഴയിൽ എത്തിച്ചേർന്ന കുറേ ധനികരും ഉണ്ടായിരുന്നു (കച്ചികൾ)

ഇവരിൽ പ്രമുഖനായിരുന്ന മുഹമ്മദ് ജാഫർഹസ്സൻ സേട്ടു (ജാനു സേട്ടു). തന്റെ പുത്തുപാടമുക്കു ജനങ്ങളുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി അഞ്ചുമാൻ ഇസ്ലാം എന്ന ഒരു സാംസ്കാരിക സംഘടനയ്ക്ക് അദ്ദേഹം രൂപം നൽകി. ആ സംഘടനയുടെ നേതൃത്വത്തിലാണ് വൈ.എം.എം.എ.എൽ പി. സ്കൂൾ സ്ഥാപിതമായത്. ഇന്നും അഞ്ചുമാൻ സ്കൂൾ എന്ന അപരനാമത്തിൽ ഈ വിദ്യാലയം അറിയപ്പെടുന്നുണ്ട്..

ആദ്യ ഘട്ടത്തിൽ ഓല മേഞ്ഞ കെട്ടിടത്തിലാണ് വിദ്യാലയം പ്രവർത്തനം ആരംഭിച്ചത്. 1946 June 5 നാണ് സ്കൂൾ സ്ഥാപിക്കപ്പെട്ടത് മുഹമ്മദ് ജാഫർ ഹസ്സൻ സേട്ടിന്റെ കാലശേഷം ഹാജി . എം. കെ അബ്ദുൽ റഹീം ആണ് സ്കൂൾ മാനേജർ ആയത്. 1954 ൽ അദ്ദേഹമാണ് നിലവിലുള്ള സ്കൂൾ കെട്ടിടം നിർമ്മിച്ചത്. അൽപം പോലും പ്രതിഫലേച്ഛയില്ലാതെ സാമൂഹ്യ സേവനം എന്ന ഉദാത്തമായ ലക്ഷ്യത്തോടെ ഒരു മഹാനുഭാവൻ തുടങ്ങിവെച്ച ഒരു മഹത് സംരംഭമാണ് ഈ വിദ്യാലയം. സമൂഹത്തിലെ ദുർബല വിഭാഗങ്ങളു മക്കൾക്ക് അക്ഷരാഭ്യാസം നൽകുന്നത് ഒരു ദൈവിക വൃത്തിയായി അവർ കണ്ടിരുന്നു.

1971 മുതൽ 1990 വരെ 17 ഡിവിഷനകളിലായി 1000 ൽ പരം കുട്ടികൾ ഈ വിദ്യാലയത്തിൽ പഠിച്ചിരുന്നു. മൂന്ന് അറബി അധ്യാപകരും ഒരു സ്പെഷ്യലിസ്റ്റ് അധ്യാപികയും ഉൾപ്പെടെ 21 അധ്യാപകർ

ആ കാലയളവിൽ ഇവിടെ ജോലി ചെയ്ത്പോന്നിരുന്ന
അൺ എയ്ഡഡ് വിദ്യാലയങ്ങളുടെ ആധിക്യവും മൂലം
കാലാന്തരത്തിൽ കുട്ടികളുടെ എണ്ണം വളരെയധികം
കുറഞ്ഞു വന്നു.

മുൻ ഡെപ്യൂട്ടി സ്പീക്കർ പരേതനായ എം. ജെ സക്കറിയ സേട്ട്, എം. പി ആയിരുന്ന ടി. എ. എം ആരിഫ്, പ്രശസ്ത ഹൃദയ ശസ്ത്രക്രിയ വിദഗ്ദനായ ഡോക്ടർ ഒ മുഹമ്മദ് നജീബ്, ഡോ: ഹസ്സൻ കോയ, ഡോ. റുക്സാന ഭായ്, ഡോ. ഫാത്തിമ, കെ. എസ്. ഇ. ബി ചീഫ് എഞ്ചിനിയർ (റിട്ട) അബ്ദുൽ റഹ്മാൻ സേട്ട് തുടങ്ങിയ പ്രമുഖർ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികൾ ആണ്.

സമീപ പ്രദേശങ്ങളിൽ അൺ എയ്ഡഡ് വിദ്യാലയങ്ങളുടെ ആധിക്യവും, തൊട്ട് അടുത്ത് തന്നെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളും ആരംഭിച്ചപ്പോൾ കുട്ടികളുടെ എണ്ണം ക്രമാധീതമായ് കുറയുകയും 2019ൽ കുട്ടികളുടെ എണ്ണം വെറും 17 ആവുകയും ചെയ്തു. ഈ ഒരു അവസരയിൽ സ്കൂൾ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാതെ വിദ്യാലയം പൂട്ടുന്നതിനായുള്ള നിയമ നടപടികൾ മാനേജ്മെന്റ് ആരംഭിച്ചു.

വിദ്യാഭ്യാസ രംഗത്തെ വർഷങ്ങളുടെ പാരമ്പര്യമുള്ള ആലപ്പുഴയിലെ ലജ്നത്തുൽ മുഹമ്മദിയ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പ്രാധാന്യം കണക്കിൽ എടുത്ത് കൊണ്ട് വൈ. എം. എം. എ. സ്കൂളിനെ 2019 ൽ ഏറ്റെടുക്കുകയും സ്കൂൾ ലജ്നത്തുൽ മുഹമ്മദിയ എൽ. പി. സ്കൂൾ എന്ന് പുനർനാമകരണം ചെയ്യുകയും ചെയ്തു. ലജ്നത്തുൽ മുഹമ്മദിയയുടെ

പ്രസിഡന്റ് ആയ ജനാബ് എ.എം. നാസിർ സർ ആണ് ഇപ്പോഴത്തെ സ്കൂൾ മാനേജർ. അദ്ദേഹവും ഇതേ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയാണ്.

പുതിയ മാനേജ്മെന്റ് ന്റെ കീഴിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വർധിപ്പിച്ചു കുട്ടികളെയും രക്ഷിതാക്കളെയും ആകർഷിക്കുന്ന വിധത്തിൽ അക്കാദമിക പ്രവർത്തനങ്ങളും സമന്വയിപ്പിക്കുകയും ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികളിലും എത്തിക്കുക എന്ന മഹത്തായ ലക്ഷ്യവുമായി 17 കുട്ടികളിൽ നിന്നും എൽ.കെ.ജി മുതൽ എൽ.പി വരെ 350 ൽ പരം കുട്ടികൾ വിദ്യാലയത്തിൽ പഠിക്കുന്നു.

## ഭൗതിക സൗകര്യങ്ങൾ

* ആകർഷകമായ കെട്ടിടം
* ഹൈടെക് ക്ലാസ്മുറികൾ.
* ഇന്റർനെറ്റ്, വൈഫൈ സൗകര്യം.
* സ്കൂൾ കുട്ടികൾക്കായി വാഹനസൗകര്യം
* കായിക വിദ്യാഭ്യാസ സൗകര്യം
* ലൈബ്രറി
* ചിൽഡ്രൻസ് പാർക്ക്
* കമ്പ്യൂട്ടർ ലാബ്
* ആധുനികവൽക്കരിച്ചതും വൃത്തിയുള്ളതുമായ പാചകപ്പുര. മെസ്സ് ഹാൾ.
* കുടിവെള്ളത്തിനായി RO പ്ലാന്റ്
* ~~[illegible]~~ ശുചിമുറി.

# അടിസ്ഥാന വിവരങ്ങൾ.

| വിഭാഗം | വിവരങ്ങൾ. |
|---|---|
| സ്കൂളിന്റെ പേര് | ലജ്നത്തുൽ മുഹമ്മദിയ്യ എൽ. പി. സ്കൂൾ. |
| മേൽവിലാസം. | സിവിൽ സ്റ്റേഷൻ വാർഡ് ആലപ്പുഴ. പി.ഒ 688001. |
| സ്ഥാപിതം | 1946 |
| ഇ മെയിൽ | 35215lmlps@gmail.com |
| സ്കൂൾ കോഡ് | 35215 |
| യുഡൈസ് കോഡ് | 32110100809 |
| റവന്യൂ ജില്ല | ആലപ്പുഴ |
| വിദ്യാഭ്യാസ ജില്ല | ആലപ്പുഴ |
| ഉപജില്ല | ആലപ്പുഴ. |
| ലോകസഭാ മണ്ഡലം | ആലപ്പുഴ |
| നിയമസഭാ മണ്ഡലം | അമ്പലപ്പുഴ |
| താലൂക്ക് | അമ്പലപ്പുഴ |
| തദ്ദേശസ്വയംഭരണസ്ഥാപനം | ആലപ്പുഴ. |
| സ്കൂൾ ഭരണ വിഭാഗം | എയ്ഡഡ് |
| സ്കൂൾ വിഭാഗം | പൊതുവിദ്യാലയം |
| പഠന വിഭാഗങ്ങൾ | എൽ. പി (1 to 4) |
| മാധ്യമം | മലയാളം, ഇംഗ്ലീഷ് |
| സ്കൂൾ മാനേജർ | ശ്രീ. എ. എം നസീർ. |
| പ്രധാന അധ്യാപകൻ. | ശ്രീ. അബ്ദുൽ മജീദ് റഷീദ് |
| | |
| | |

# മാസ്റ്റർ പ്ലാനിന്റെ പൊതു ലക്ഷ്യങ്ങൾ.

സമഗ്രമായ വിദ്യാർത്ഥി വികസനത്തിനും സ്കൂളിന്റെ സമഗ്രമായ പുരോഗതിക്കും വേണ്ടി പ്രധാന ലക്ഷ്യങ്ങൾ മാസ്റ്റർ പ്ലാൻ രൂപരേഖ ചെയ്യുന്നു. ഈ ലക്ഷ്യങ്ങൾ അക്കാദമികവും, സമൂഹികം, പാരിസ്ഥിതികം, സാങ്കേതികം എന്നീ മേഖലകളെ ഉൾക്കൊള്ളുന്നു. ഇത് വിദ്യാഭ്യാസ മികവിനായുള്ള ഒരു വിശാലമായ കാഴ്ചപ്പാടിനെ പ്രതിഫലിപ്പിക്കുന്നു.

പ്രധാന അക്കാദമികവും അടിസ്ഥാനപരമായ കഴിവുകൾക്കായുള്ള ലക്ഷ്യങ്ങളിൽ, സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക എന്നത് ഉൾപ്പെടുന്നു. എല്ലാ വിദ്യാർത്ഥികൾക്കും മലയാളം, ഇംഗ്ലീഷ് അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പാക്കുന്നതിന് പ്രത്യേക ഊന്നൽ നൽകുന്നു.

ഓരോ കുട്ടിയും ഒന്നാമനാണ് എന്നത് മുൻനിർത്തി കുട്ടികളുടെ വ്യക്തിഗത അഭിരുചികൾക്കും കഴിവുകൾക്കും അനുസരിച്ച് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും നൽകാൻ ലക്ഷ്യമിടുന്നു.

അധ്യാപനവും വിദ്യാഭ്യാസവുമായ മെച്ചപ്പെടുത്തൽ ലക്ഷ്യങ്ങളിൽ, ക്ലാസ്മുറി പരിശീലനങ്ങളിലൂടെ ഒരു വായന സംസ്കാരം വളർത്തുന്നത് ഉൾപ്പെടുന്നു. അധ്യാപകരെ ആധുനിക സാധ്യതകളായ സാങ്കേതികവിദ്യാ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ ശാക്തീകരിക്കും, അതുവഴി കുട്ടികൾക്ക് മെച്ചപ്പെട്ട പഠനാനുഭവങ്ങൾ ഉറപ്പാക്കാം. ഇതിൽ സയൻസ്, കമ്പ്യൂട്ടർ ലാബുകളുടെ ആധുനികവത്കരണവും ഉൾപ്പെടുന്നു. രക്ഷിതാക്കളുടെ പങ്കാളിത്തം സുഗമമാക്കുന്നതിന്,

ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത അല്ലെങ്കിൽ കോർണർ പി.ടി.എകൾ ചേരും. കൂടാതെ ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികൾക്കും പാഠഭാഗങ്ങൾക്കനുസൃതമായി അക്കാദമിക പിന്തുണയ്ക്കായി വർക്ക്ഷീറ്റുകൾ SRG യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി വിദ്യാലയ പരിസരങ്ങളുടെ അറിവ് നിർമ്മാണ ഇടങ്ങളാക്കി മാറ്റാൻ വിഭാവനം ചെയ്യുന്നു.

വിദ്യാർത്ഥി ശാക്തീകരണവും സാമൂഹിക വികസനവും ലക്ഷ്യമിട്ട്, അപകർഷതാബോധം ഒഴിവാക്കി ആത്മീയ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനായി ആശയവിനിമയ ശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങളും സംഘടിപ്പിക്കാം. പരിസ്ഥിതികവും സാമൂഹികവുമായ സംരംഭങ്ങളിൽ, വിദ്യാലയത്തെ ഒരു ജൈവവൈവിധ്യ കലവറയാക്കി മാറ്റുന്നതും സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമാർജനം എന്നിവ കർശനമായി നടപ്പാക്കി മാലിന്യമുക്ത വിദ്യാലയ പദവി നേടുന്നതും, ഹരിത പെരുമാറ്റച്ചട്ടം പാലിക്കുന്നതും ഉൾപ്പെടുന്നു. കാർഷിക മേഖലകൾ, ഔഷധ സസ്യങ്ങൾ, ഉദ്യാനങ്ങൾ എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യും.

സാങ്കേതിക മുന്നേറ്റം ഒരു പ്രധാനലക്ഷ്യമാണ്. മുഴുവൻ വിദ്യാലയത്തെയും ഹൈടെക്കാക്കി മാറ്റാൻ പദ്ധതിയുണ്ട്. അവസാനമായി പോക്സോ സംബന്ധിച്ച ബോധവൽക്കരണ പരിപാടികളിലൂടെയും അവയ്ക്കെതിരായ മുൻകരുതലുകളും സുരക്ഷയ്ക്കും ക്ഷേമത്തിനും മുൻഗണന നൽകുന്നു.

# അക്കാദമികവും ഭൗതികവുമായ നേട്ടങ്ങൾ

* അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.
* ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം.
* ഓരോ കുട്ടിയും ഒന്നാമനാണ് പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലക്ഷ്യമാക്കുന്നു
* കലാപഠനം, പ്രവൃത്തി പരിചയം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം.
* പ്രത്യേക പരിഗണനയും ശ്രദ്ധയും അർഹിക്കുന്ന വർക്കുള്ള വ്യക്തിഗത സപ്പോർട്ട്.
* സർഗാത്മക വേദികൾ, ആശയ പ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.
* പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു
* സ്കൂൾ കലോത്സവത്തിൽ overall രണ്ടാം സ്ഥാനവും അറബി കലോത്സവത്തിൽ overall രണ്ടാം സ്ഥാനവും ലഭിക്കുകയുണ്ടായി.
* എൽ. പി ക്ലാസ്സുകളിൽ ഹിന്ദി ഭാഷാപഠനം നടത്തിവരുന്നു

# വിഷയ നിർദ്ദിഷ്ട ലക്ഷ്യങ്ങൾ.

മാസ്റ്റർ പ്ലാൻ വിവിധ അക്കാദമിക മേഖലകളിലെ നിർദ്ദിഷ്ട ലക്ഷ്യങ്ങൾ വിശദീകരിക്കുന്നു, ഓരോ മേഖലയിലും വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട ഫലങ്ങൾ രൂപരേഖ ചെയ്യുന്നു.

- ## ഭാഷാവികസനം

ഭാഷാവികസനത്തിനായുള്ള പൊതുലക്ഷ്യങ്ങൾ, എല്ലാ കുട്ടികളെയും അക്ഷരം പൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. എല്ലാ കുട്ടികൾക്കും അവരുടെ ക്ലാസുകൾക്ക് അനുയോജ്യമായ ആശയവിനിമയശേഷി നേടുന്നതിന് ഉറപ്പാക്കുക എന്നിവയാണ്. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്താനും, സർഗ്ഗാത്മക രചനകൾക്കുള്ള അവസരങ്ങൾ സൃഷ്ടിക്കാനും, ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് വികസിപ്പിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. മികച്ച വായനാശീലം വളർത്തുക എന്നത് ഒരു പ്രധാന ലക്ഷ്യമാണ്. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ഊന്നൽ നൽകുന്നു.

- ## ഇംഗ്ലീഷ്

ഇംഗ്ലീഷ് ഭാഷാ വിദ്യാഭ്യാസത്തിൽ, എല്ലാ കുട്ടികളെയും ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക. ഇംഗ്ലീഷിൽ ആവിഷ്കാരങ്ങൾക്ക് ധാരാളം അവസരങ്ങൾ നൽകുക കൂടിയാണ്. പ്രധാന ആശയവിനിമയ ലക്ഷ്യങ്ങൾ സ്വതന്ത്രമായി ഇംഗ്ലീഷ് വായിക്കാനും എഴുതാനും വിദ്യാർത്ഥികളെ സജ്ജരാക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. വിഭവങ്ങളുടെ ഉപയോഗവും ഒരു പ്രധാന വശമാണ്. ഇംഗ്ലീഷ്

ഭാഷാ വികസനത്തിനായി സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുക. ആശയപരമായ അവതരണ രീതികളുടെ അടിസ്ഥാന ഭാഷാ കഴിവുകൾ നേടുന്നതിന് സചിത്ര നോട്ടുബുക്കുകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു. കൂടാതെ ക്ലാസ്സിലെ വായനാ കോർണറുകളിലും സ്കൂൾ ലൈബ്രറിയിൽ ലളിതമായ ഇംഗ്ലീഷ് പുസ്തകങ്ങൾ ശേഖരിക്കാനും 'ഹലോ ഇംഗ്ലീഷ്' മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ വിഭവങ്ങൾ തയ്യാറാക്കുന്നതിന് ആസൂത്രണം ചെയ്യുന്ന പദ്ധതിയിൽ ഉൾപ്പെടുന്നു.

- പരിസരപഠനം

പരിസരപഠനത്തിനായുള്ള ലക്ഷ്യങ്ങൾ ശാസ്ത്രീയ താല്പര്യം വളർത്തുന്നതിലും ശാസ്ത്രീയ അവബോധവും മനോഭാവവും വികസിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ശാസ്ത്രീയ രീതികൾ സ്വായത്തമാക്കുന്നതിനുള്ള അനുഭവങ്ങൾ നൽകുകയും ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുകയും ചെയ്യുന്നത് നൈപുണ്യ വികസനത്തിൽ ഉൾപ്പെടുന്നു. ലാബ് ആധുനിക വൽക്കരണവും ഈ പദ്ധതി ലക്ഷ്യമിടുന്നു. ലാബ് ആധുനിക സൗകര്യങ്ങളോട് സജ്ജീകരിക്കുകയും ആധുനിക ശാസ്ത്ര ഉപകരണങ്ങൾ ഉപയോഗിക്കാനുള്ള കഴിവ് വർദ്ധിപ്പിക്കുകയും ചെയ്യും. കേരളത്തിലെ നൂതനാശയങ്ങളിൽ നിന്ന് കുട്ടികൾക്ക് പ്രയോജനം നേടാൻ പ്രാപ്തരാക്കുന്നതിലൂടെയും ശാസ്ത്ര വിദ്യാഭ്യാസത്തിനായി ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിലൂടെയും നവീകരണവും സാങ്കേതികവിദ്യയും സമന്വയിപ്പിക്കുന്നു.

- **സാമൂഹികാവബോധം.**

സാമൂഹികാവബോധത്തിന്റെ മേഖലയിൽ, ജനാധിപത്യ വേദികൾ സൃഷ്ടിക്കാനും, സമൂഹത്തിന്റെ പുരോഗതിയിൽ തങ്ങളുടെ പങ്ക് തിരിച്ചറിഞ്ഞ് ഉത്തരവാദിത്തത്തോടെ പ്രവർത്തിക്കാൻ വ്യക്തികളെ പ്രാപ്തരാക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുന്നതും ഒരു പ്രധാന ലക്ഷ്യമാണ്. ഇത് നേടുന്നതിനായി ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കാൻ പദ്ധതിയിൽ ഉൾപ്പെടുന്നു.

- **ഗണിതം**

ഗണിതശാസ്ത്ര ലക്ഷ്യങ്ങൾ അടിസ്ഥാന ഗണിതക്രിയകളിൽ എല്ലാ കുട്ടികൾക്കും പ്രാവീണ്യം ഉറപ്പാക്കുന്നതിലും ഗണിതത്തെ യഥാർത്ഥ ജീവിതാനുഭവങ്ങളുമായി ബന്ധിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഓരോ മാസവും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടുന്നുവെന്ന് ഉറപ്പാക്കുന്നത് പാഠ്യപദ്ധതിയും വിന്യാസത്തിൽ നിർണായകമാണ്. എല്ലാ കുട്ടികളിലും ഗണിത ചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ വളർത്തുന്നതിലൂടെ വൈജ്ഞാനിക വികാസത്തിന് ഊന്നൽ നൽകുന്നു. ഗണിത പഠനത്തിനായി ആധുനിക സാങ്കേതിക വിദ്യ സാധ്യതകൾ പ്രയോജനപ്പെടുത്താനും ഈ പദ്ധതി ലക്ഷ്യമിടുന്നു

• ഐ.സി.ടി സാധ്യതകൾ

ICT സംബന്ധിച്ച് IT ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും അറിവ് നിർമ്മാണ പ്രക്രിയയിൽ അതിന്റെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതാണ് ലക്ഷ്യങ്ങൾ. കുട്ടികൾക്ക് കമ്പ്യൂട്ടറുകൾ സ്വതന്ത്ര്യമായും നിർഭയമായും ഉപയോഗിക്കാൻ കഴിയുന്ന ഒരു സാഹചര്യം സൃഷ്ടിക്കുക എന്നത് ഇതിന്റെ പ്രധാന ലക്ഷ്യമാണ്. ഇത് കുട്ടികൾ സാക്ഷരതയും ആത്മവിശ്വാസവും പ്രോത്സാഹിപ്പിക്കുന്നു.

• പ്രവൃത്തി പരിചയം

പ്രവൃത്തിപരിചയ മേഖല എല്ലാ കുട്ടികളിലും നിർമ്മാണാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിടുന്നു. പാഴ്വസ്തുക്കളിൽ നിന്നോ പഠനോപകരണങ്ങളോ ഉപയോഗപ്രദമായ ഉൽപന്നങ്ങളോ ഉണ്ടാക്കുന്ന കഴിവ് വികസിപ്പിക്കുന്നതിലൂടെ വിഭവസമാഹരണശേഷി വർദ്ധിപ്പിക്കുന്നതിലും ഈ ഊന്നൽ നൽകുന്നു ഈ ഒരു മേഖലയെ മറ്റ് വിഷയങ്ങളുമായി പഠനമേഖലകളുമായി ബന്ധിപ്പിക്കുന്നതിലൂടെ അന്തർവിഷയബന്ധം സ്ഥാപിക്കുന്നത് ഒരു പ്രധാന വശമാണ്.

• കലാപരിശീലനം

കലാപരിശീലന ലക്ഷ്യങ്ങളിൽ കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുകയും കലാഭിരുചി വളർത്തുകയും ചെയ്യുന്നത് ഇതിന്റെ ലക്ഷ്യമാണ്. ഓരോ കുട്ടിയുടെയും തനതായ കഴിവ് വികസിപ്പിക്കുന്നത് അവസരങ്ങൾ നൽകാനും ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാ വിദ്യാഭ്യാസത്തിൽ സമന്വയിപ്പിക്കുന്നത് ഈ പദ്ധതി ലക്ഷ്യമിടുന്നു 'ഓരോ കുട്ടിയും ഒന്നാമൻ' എന്ന വിശ്വാസം

വളർത്തുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നതാണ് ഒരു പ്രധാന ലക്ഷ്യം. ഈ ആത്മവിശ്വാസവും വ്യക്തിഗത സാധ്യതകളും പ്രോത്സാഹിപ്പിക്കുന്നു

- ആരോഗ്യ-കായിക വിദ്യാഭ്യാസം

ആരോഗ്യകായിക വിദ്യാഭ്യാസത്തിൽ, കുട്ടികൾ അവരുടെ മനസ്സിന്റെ ശക്തിയെക്കുറിച്ച് ബോധവാന്മാരാകുകയും ഏതൊരു ലക്ഷ്യവും നേടാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യാനാണ് തന്നതായ ഈ പദ്ധതി ലക്ഷ്യമിടുന്നത്. എല്ലാ കുട്ടികൾക്കും ശാരീരിക ക്ഷമത ഉറപ്പാക്കുക എന്നത് ഒരു പ്രധാന ലക്ഷ്യമാണ്. ഒപ്പം ആരോഗ്യപരമായ ശീലം വളർത്തുകയും ചെയ്യുക. എല്ലാ കുട്ടികൾക്കും ആരോഗ്യ കായിക വിദ്യാഭ്യാസത്തിൽ തുല്യ അവസരങ്ങൾ നൽകുന്നു. ക്യാമ്പസിന്റെ മാലിന്യമുക്തവും ഹരിതഭംഗിയിൽ പരിസ്ഥിതിക ആരോഗ്യത്തിന് സംഭാവന നൽകാനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

- അറബി

അറബി ഭാഷാ വിദ്യാഭ്യാസത്തിൽ, എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി അറബിഭാഷ പഠിക്കാനും എഴുതാനും പ്രാപ്തരാക്കുക എന്നതാണ് പ്രധാന ലക്ഷ്യം. പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന അറബിപഠന നേട്ടങ്ങൾ എല്ലാ കുട്ടികളിലും ഉറപ്പാക്കുന്നത് നിർണായകമാണ്. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ പഠനപ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു സാഹചര്യം ക്ലാസ്മുറികളിൽ സൃഷ്ടിക്കാനും വിദ്യാഭ്യാസപരമായ മൂല്യങ്ങൾ ഭാഷാപഠനനേട്ടങ്ങളിലൂടെ സമന്വയിപ്പിക്കുന്നതിന് ഉറപ്പാക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു

# വിലയിരുത്തൽ , രേഖപ്പെടുത്തൽ

വിദ്യാർത്ഥികളുടെ പുരോഗതി വിലയിരുത്തുന്നതിനും അക്കാദമിക പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും സമഗ്രമായ സംവിധാനങ്ങൾ മാസ്റ്റർ പ്ലാൻ വിശദീകരിക്കുന്നു. ഇത് നിരന്തരമായ മെച്ചപ്പെടുത്തലിനും പങ്കാളിത്തത്തിനും ഊന്നൽ നൽകുന്നു

- **സമഗ്ര പുരോഗതി രേഖ**

ഒരു കുട്ടിയുടെ പുരോഗതിയെ കേവലം പരീക്ഷ മാർക്കുകൾക്കപ്പുറം ശാസ്ത്രീയമായി രേഖപ്പെടുത്തുന്ന ശേഖരിക്കാനുള്ള ഒരു ബഹുമുഖ പ്രക്രിയയാണ് സമഗ്ര പുരോഗതി രേഖയെ നിർവ്വചിച്ചിരിക്കുന്നത്. ഇത് കുട്ടിയുടെ ബൗദ്ധിക കഴിവ്, സാമൂഹിക പെരുമാറ്റം, സർഗ്ഗാത്മക കഴിവുകൾ, മാനസികാവസ്ഥകൾ, ശാരീരിക ക്ഷമത. എന്നിവയെ സമഗ്രമായി വിലയിരുത്തുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ രേഖ ഓരോ ക്ലാസിലും തുടർച്ചയായി സൂക്ഷിക്കുകയും അടുത്ത ക്ലാസിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും വേണം. സമഗ്രപുരോഗതിയുടെ ലക്ഷ്യങ്ങളിൽ ബഹുമുഖ വളർച്ച രേഖപ്പെടുത്തുക ബുദ്ധിമുട്ടുകളും പുരോഗതിയും തിരിച്ചറിഞ്ഞ് ഉചിതമായ ഇടപെടലുകൾ ആസൂത്രണം ചെയ്യുക. അഭിപ്രായങ്ങൾ, നിരീക്ഷണങ്ങൾ, വിവരങ്ങൾ എന്നിവ കൃത്യമായി ഒരു രേഖയിൽ ഉൾപ്പെടുത്തുക. നിരന്തരമായ പഠനത്തിന് ശാസ്ത്രീയമായ അടിസ്ഥാനം നൽകുക. പാഠ്യപദ്ധതികൾ, പഠനശൈലികൾ, അധ്യാപക ഇടപെടലുകൾ എന്നിവയുടെ ഫലപ്രാപ്തി വിലയിരുത്തുക എന്നിവ ഉൾപ്പെടുന്ന

## • അക്കാദമിക മോണിറ്ററിംഗ്

അധ്യാപക ആസൂത്രണം, ക്ലാസ്മുറിയിലെ ഇടപെടലുകൾ, വിദ്യാർത്ഥികളുടെ പങ്കാളിത്തം, പഠന പ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയമായ അവലോകനമായാണ് അക്കാദമിക മോണിറ്ററിംഗിനെ നിർവചിച്ചിരിക്കുന്നത്. ഇതെല്ലാം വിദ്യാർത്ഥികളുടെ പുരോഗതി ഉറപ്പാക്കാൻ ലക്ഷ്യമിടുന്നു. പഠനം കേവലം ലക്ഷ്യാധിഷ്ഠിതമാകരുത്, മറിച്ച് കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവുകളിലേക്കും നയിക്കണം എന്ന് ചട്ടക്കൂട് ഊന്നിപ്പറയുന്നു. ഇത് ഉറപ്പാക്കാൻ, അധ്യാപക ആസൂത്രണത്തിന്റെയും ക്ലാസ്മുറിയിലെ ഇടപെടലുകളുടെയും ഗുണനിലവാരം വിലയിരുത്തുക, വിദ്യാർത്ഥികളുടെ പുരോഗതി വിലയിരുത്തുന്നതിനായി ഡിജിറ്റൽ തെളിവുകൾ, ക്ലാസ് പ്രവർത്തനങ്ങൾ, പോർട്ട്ഫോളിയോകൾ എന്നിവ പരിശോധിക്കുക എന്നിവ ഉൾപ്പെടുന്നു. പ്രത്യേക ശ്രദ്ധ ആവശ്യമുള്ള മേഖലകൾ തിരിച്ചറിയാനും ലക്ഷ്യമിട്ടുള്ള പിന്തുണ നൽകാനും ഇത് ലക്ഷ്യമിടുന്നു. കൂടാതെ ഹെഡ്മാസ്റ്റർ (HM), സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി (SMC), പി.ടി.എ, തുടങ്ങിയവയുടെ സജീവ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

## • വികാസദ വിലയിരുത്തൽ.

വികാസദ വിലയിരുത്തൽ (Formative Assessment) എന്നത് പഠനപ്രക്രിയയിൽ ഉൾ നിന്നും ഉയരുന്ന ഒരു സമഗ്രതയും പ്രതിഫലനവുമാണ് നിർവചിച്ചിരിക്കുന്നത്. പഠനത്തിനും അധ്യാപനത്തിനുമിടയിൽ ദിശാബോധം നൽകുന്ന പ്രവർത്തനകേന്ദ്രമാണിത്. കുട്ടികളുടെ അറിവ്, പ്രക്രിയാശേഷി, പങ്കാളിത്തം, ആശയവിനിമയം, ആശയധാരണ തുടങ്ങിയവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ടുപോകുന്ന ശൈലി പുലർത്തുന്നതാണ് വികാസപരമായ വിലയിരുത്തൽ. KCF 2023 ന്റെ അടിസ്ഥാനത്തിൽ പഠനത്തിലേക്കുള്ള പ്രക്രിയാഗത പ്രവർത്തനത്താണ് ഈ വിലയിരുത്തലിന്റെ മുഖ്യ ഊന്നൽ.

പ്രധാന ലക്ഷ്യങ്ങളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം, ധാരണ, പ്രകടനം, പഠനപ്രവർത്തനങ്ങളിലെ രേഖപ്പെടുത്തൽ എന്നിവയുടെ ആധികാരിക വിലയിരുത്തൽ നടത്തുക എന്നത് ഉൾപ്പെടുന്നു. വിദ്യാർത്ഥികളുടെ പുരോഗതി കൃത്യസമയത്ത് തിരിച്ചറിയാനും അധ്യാപകരെ അവരുടെ പഠന- ലെ നടപടിക്രമങ്ങൾ വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും സഹായിക്കാനും, ഒരു കുട്ടിയുടെ അഭിരുചിപര വൈവിധ്യങ്ങളുള്ള പോർട്ട്ഫോളിയോ വിലയിരുത്തുന്നതിന്റെ ഭാഗമായി ഉൾപ്പെടുത്താനും ഇത് ലക്ഷ്യമിടുന്നു. വികാസദ വിലയിരുത്തലിന്റെ ഉള്ള പ്രവർത്തനഘട്ടങ്ങളിൽ പഠനപ്രക്രിയയുടെ വിശദമായ വിലയിരുത്തൽ ഉൾപ്പെടുന്നു.

KCF 2023 മാർഗനിർദ്ദേശങ്ങൾ അനുസരിച്ച്, വിലയിരുത്തൽ രീതികൾ കുട്ടിയുടെ മനോഭാവം, കഴിവ്, പശ്ചാത്തലങ്ങൾ, അഭിരുചികൾ എന്നിവ ഉൾക്കൊള്ളണം. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അവ പ്രാപ്യവും തുല്യവും സംവേദനക്ഷമവും ആയിരിക്കണം. ഇവ വിലയിരുത്തലുകളുടെ സമയബന്ധിതമായ സ്വഭാവത്തിന് ഊന്നൽ നൽകുന്നു. കാരണം അവ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും വിലപ്പെട്ട ഉൾക്കാഴ്ചകൾ നൽകുമെന്ന് പ്രതീക്ഷിക്കുന്നു

വിവിധ തലങ്ങളിലുള്ള വിദ്യാഭ്യാസങ്ങൾ സംവിധാനങ്ങളെയും ഡിജിറ്റൽ തെളിവുകളും പോർട്ട്ഫോളിയോകളും ഉൾപ്പെടുന്ന വൈവിധ്യമാർന്ന ഡാറ്റാ ശേഖരണ ഉപകരണങ്ങളെയും ഉൾക്കൊള്ളുന്ന ശക്തമായ അക്കാദമിക നിരീക്ഷണ സംവിധാനം, വ്യവസ്ഥാപിതമായ ഗുണനിലവാര ഉറപ്പിനോടുള്ള പ്രതിബദ്ധതയെ സൂചിപ്പിക്കുന്നു.

വികാസപര വിലയിരുത്തലിലും അതിന്റെ വിശദമായ ഘടകങ്ങളിലും നൽകിയിട്ടുള്ള വിപുലമായ ശ്രദ്ധ, കേവലം പരീക്ഷാ മാർക്കുകളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാതെ, പഠനത്തിന്റെ എങ്ങനെ, എന്ത് കൊണ്ട് എന്നിവ മനസിലാക്കുന്നതിനും നിരന്തരമായ വിലയിരുത്തലിനും ഊന്നൽ നൽകുന്ന ഒരു അധ്യാപനപരമായ മാറ്റത്തെ സൂചിപ്പിക്കുന്നു

# നിഗമനം.

ലജ്നത്തുൽ മുഹമ്മദിയ്യ എൽ. പി സ്ക്കൂൾ, ആലപ്പുഴ അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 സ്കൂൾ മെച്ചപ്പെടുത്തുന്നതിനുള്ള സമഗ്രവും ചിട്ടയായതുമായ ഒരു സമീപനത്തെ പ്രതിനിധീകരിക്കുന്നു. വിവിധ വിഷയങ്ങളിലൂടെ നീളുന്ന അടിസ്ഥാനപരമായ കഴിവുകൾ നേടുന്നതിനും, വിശാലമായ വ്യക്തിഗതവും സാമൂഹികവുമായ വളർച്ചയ്ക്കും ഊന്നൽ നൽകിക്കൊണ്ട്, സമഗ്രമായി വിദ്യാർത്ഥി വികസനത്തിനായുള്ള വ്യക്തമായ ഒരു കാഴ്ചപ്പാട് ഇത് വ്യക്തമാക്കുന്നു. രക്ഷിതാക്കളെയും അധ്യാപകരെയും വിശാലമായ സമൂഹത്തെയും അതിന്റെ നിർവഹണത്തിലും മേൽനോട്ടത്തിലും സജീവമായി ഉൾപ്പെടുത്തിക്കൊണ്ട്, ഈ പദ്ധതി ഒരു സഹകരണ മനോഭാവത്തെ അടിസ്ഥാനമാക്കിയുള്ളതാണ്.

അക്കാദമികവും പ്രവർത്തനപരവുമായ ഭാവിക്കായി ഓരോ കുട്ടിയുടെയും കഴിവുകൾ പരിപോഷിപ്പിക്കുന്നതിൽ വ്യക്തമായ ശ്രദ്ധ കേന്ദ്രീകരിച്ച്, സജീവവും വ്യവസ്ഥാപിതവുമായ ഒരു രൂപരേഖ ചെയ്യുന്ന ഒരു തന്ത്രപരമായ മാർഗ്ഗനിർദ്ദേശമായി മാസ്റ്റർ പ്ലാൻ വർത്തിക്കുന്നു.